# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5603 27.03.2018 ൽ മറുപടിയ്ക്ക്

### <u>പൊതു യാത്ര സംവിധാനങ്ങളിൽ സംവരണം ചെയ്തിട്ടുള്ള സീറ്റുകൾ</u>

| ചോദ്യം<br>ശ്രീ. മഞ്ഞളാംകുഴി അലി | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പൊതു യാത്ര സംവിധാനങ്ങളിൽ പ്രത്യേക വിഭാഗത്തിനായി സംവരണം ചെയ്തിട്ടുള്ള സീറ്റുകൾ പലപ്പോഴും ഇവർക്ക് ലഭിക്കാറില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പൊതു യാത്രാ സംവിധാനങ്ങളിൽ ഓരോ വിഭാഗങ്ങൾക്കും സംവരണം ചെയ്തിട്ടുള്ള സീറ്റുകൾ ലഭിക്കാറില്ലെന്ന് പരാതികൾ ലഭിക്കാറുണ്ട്. അവയിന്മേൽ വ്യക്തമായ തെളിവുകളുടേയും, മോട്ടോർ വാഹന നിയമങ്ങളും ചട്ടങ്ങളുടേയും അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാറുമുണ്ട്. |
| (ബി) | ഇതുമൂലം മുതിർന്ന പൗരന്മാരും അംഗപരിമിതരും സ്ത്രീകളും ഉൾപ്പെടെയുള്ള യാത്രക്കാർക്ക് ബുദ്ധിമുട്ട് അനുഭവിക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | സംസ്ഥാനത്തെ പൊതു യാത്രാ സംവിധാനങ്ങളിൽ സ്ത്രീകൾ, അംഗപരിമിതർ, മുതിർന്ന പൗരന്മാർ എന്നിവർക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകൾ അതാത് വിഭാഗങ്ങൾക്കുതന്നെ ഉറപ്പുവരുത്തണമെന്ന് എല്ലാ മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുള്ളതും, സംവരണ സീറ്റുകൾ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തണമെന്നും വാഹനങ്ങളുടെ പരിശോധനാ വേളയിലും ഫിറ്റ്നസ് ടെസ്റ്റ് സമയത്തും ഇക്കാര്യങ്ങൾ ഉറപ്പുവരുത്തുകയും, നിർദ്ദേശങ്ങൾ നൽകുകയും, നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. അതോടൊപ്പം സ്ത്രീകൾ, അംഗപരിമിതർ, മുതിർന്ന പൗരന്മാർ എന്നിവരുടെ സീറ്റുകളിൽ അവർ ആവശ്യപ്പെടുമ്പോൾ ഒഴിഞ്ഞു കൊടുക്കാതെ മറ്റുള്ളവർ യാത്ര ചെയ്യുന്നത് 100/- രൂപ പിഴ ഈടാക്കാവുന്ന കുറ്റമാണെന്ന് ബസ്സുകളിൽ രേഖപ്പെടുത്തണമെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ